CS (MAIN) EXAM, 2011

Serial No.

**F–DTN–L–SAD–K**

# MALAYALAM

**(Compulsory)**

*Time Allowed : Three Hours*

*Maximum Marks : 300*

## INSTRUCTIONS

*Candidates should attempt **ALL** questions.*
*The number of marks carried by each question is indicated at the end of the question.*
*Answers must be written in **Malayalam**, unless otherwise directed.*
*Prescribed word-limit must be followed for Q. No. 3. The precis must be attempted **only** on the special precis sheets attached to this question paper. These precis sheets are to be carefully detached from the question paper and securely attached to the answer book.*

1. താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 300 വാക്കിൽ കവിയാതെ ഉപന്യസിക്കുക : 100

   (a) രാഷ്ടീയവും വ്യക്തിഗത ധാർമികതയുടെ പ്രശ്നങ്ങളും.

   (b) സാമൂഹ്യ പുരോഗതിയുടെ മുഖ്യ പ്രേരകശക്തി - മതമോ, ശാസ്ത്രമോ ?



(Contd.)

(c) എല്ലാവർക്കും ഭക്ഷണം: നമ്മുടെ ജനാധിപത്യ വ്യവസ്ഥക്കുള്ള വെല്ലുവിളി.

(d) വേഗതയുടെ സംസ്കൃതി, തിടുക്കവും അപരാധിത്വവും വർദ്ധിപ്പിക്കുന്നു.

(e) കൃത്രിമബുദ്ധി, മനുഷ്യ ചിന്തയുടെ വികല്പം എന്ന നിലയിൽ.

2. താഴെ കൊടുത്ത ഗദ്യഭാഗം വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് വ്യക്തവും സൂക്ഷ്മവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക : 6×10=60

"ദ്രുതഗതിയിലുള്ള വ്യവസായവല്ക്കരണ ദശയിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. നിരവധി പേർക്ക് നാം നമ്മുടെ വ്യവസായങ്ങളിൽ തൊഴിൽ നല്കുന്നുണ്ട്. നിങ്ങൾ ഏതു തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നുവോ, അതിനെക്കുറിച്ചുള്ള അറിവ് ഒരു പ്രശ്നമല്ലെന്നാണ് ഇൻഡ്യയിലെ ഇന്നത്തെ ചിന്താഗതി എന്നു തോന്നുന്നു. ആരെ സ്വാധീനിച്ച് ഒരു ജോലി നേടിയെടുക്കാം എന്ന അറിവാണ് പ്രധാനം എന്നു ജനങ്ങൾ കരുതുന്നു. ഉദ്ദിഷ്ടഫലത്തിന് യോഗ്യത അത്യാവശ്യമാണെന്നു ജനങ്ങൾ ചിന്തിക്കുന്നില്ല. ശ്രേഷ്ഠതാ സംസ്കരണത്തിന് നമ്മുടെ വിദ്യാഭ്യാസത്തിൽ സർവ്വപ്രധാനമായ സ്ഥാനമാണുള്ളത്. ശ്രേഷ്ഠതാ സംസ്കരണത്തിന് അർഹമായ പ്രാമുഖ്യം ലഭിച്ചില്ലെങ്കിൽ അത്

യോഗ്യതയെ അപമാനിക്കലായിമാറും. ഇത് ഒരു വശത്ത് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയെ മലിനപ്പെടുത്തുകയും മറുവശത്ത് സാമൂഹിക വിദ്യാഭ്യാസത്തിനുള്ള മുന്നേററ ശ്രമങ്ങളുടെ കഴുത്തു ഞെരിക്കുകയും ചെയ്യുന്നു.

ഒരു പാലം പണിയുമ്പോഴും റോഡു നിർമ്മിക്കുമ്പോഴും അത് ഉറപ്പുള്ളതും ദീർഘകാലം നിലനില്ക്കുന്നതുമാവാൻ മണൽ, സിമന്റ്, മുതലായവയുടെ ഉചിതമായ അനുപാതത്തിലുള്ള മിശ്രണം തയ്യാറാക്കി ഉപയോഗിക്കണം. ഈ വിഷയത്തിൽ നമ്മുടെ അനുഭവം പറയുന്നത് അധഃപതനത്തിന്റെ കഥയാണ്. ചില ഡാമുകളിൽ വിള്ളൽ ഉണ്ടായതിനെക്കുറിച്ചും മഴവെള്ളത്തിൽ റോഡുകൾ ഒലിച്ചു പോയതിനെക്കുറിച്ചും നാം കേൾക്കുന്നുണ്ട്.

ഇത് ഗുണനിലവാരവുമായി ബന്ധപ്പെട്ട വിഷയമാണ്. ഗുണനിലവാരനിയന്ത്രണം വെറും ഭൗതിക സാമഗ്രികളുമായി മാത്രമല്ല, മനുഷ്യരും അവരുടെ ഉത്തരവാദിത്വബോധവുമായും ബന്ധപ്പെട്ടു കിടക്കുന്നു.

നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ, വ്യവസ്ഥാപിതമായ രീതിയിൽ യോഗ്യതയെ അവഗണിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണ് നിർഭാഗ്യവശാൽ സംജാതമായിട്ടുള്ളത്. ഈ നാട്ടിൽ യോഗ്യതക്ക് ഒരു സ്ഥാനവുമില്ലെന്ന ജനസംസാരം പൊതുവേ കേൾക്കാം. യോഗ്യതയോ കാര്യക്ഷമതയോ



(Contd.)

ധാർമ്മികമായ ഔചിത്യമോ ഇല്ലാതെയും സർക്കാർ ഉദ്യോഗം വഹിക്കാനും പൊതുജന ഇടപാടുകൾ നടത്താനും സാധിക്കുമെന്ന ധാരണ അതുമൂലം ഉണ്ടാകുന്നു.

**ചോദ്യങ്ങൾ :**

(a) നല്ല ജോലി എങ്ങനെ ലഭിക്കുമെന്നാണ് ഈ രാജ്യത്തെ ജനങ്ങൾ കരുതുന്നത് ?

(b) യോഗ്യതയോടുള്ള നമ്മുടെ ആദരവ് ഇല്ലാതാകുന്നത് എപ്പോൾ ?

(c) യോഗ്യതയോടുള്ള അനാദരവിന്റെ ദുഷ്പരിണാമം എന്ത്?

(d) ജനങ്ങളുടെ ഉത്തരവാദിത്വബോധത്തെ ആദരിച്ചില്ലെങ്കിൽ എന്തു സംഭവിക്കും ?

(e) യോഗ്യത, കാര്യക്ഷമത, ധാർമ്മികൗചിത്യം എന്നിവയെ അവഗണിക്കുന്നതിനുള്ള കാരണം എന്തായിരിക്കും ?

(f) ഗദ്യഭാഗത്ത് അടിവരയിട്ട പദങ്ങളുടെ അർത്ഥം വിശദീകരിക്കുക.

3. താഴെ കൊടുത്ത ഗദ്യഭാഗം 190 - 210 വാക്കുകളിലായി സംഗ്രഹിക്കുക. സംഗ്രഹണത്തിനായി പ്രത്യേകം നൽകിയിട്ടുള്ള പേപ്പർ ഉപയോഗിക്കുക. വാക്കുകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്യുന്നതനുസരിച്ച് മാർക്കിൽ

വ്യത്യാസം ഉണ്ടാകും. 150 ൽ കുറയുകയോ 250 ൽ കൂടുകയോ ചെയ്താൽ തീരെ മാർക്ക് ലഭിക്കുകയില്ല : 60

രാജകീയ കോടതിയിൽ അംഗമാകുന്നതിനുവേണ്ടി പോർബന്തർ വിട്ട് രാജ്കോട്ടിലേക്ക് അച്ഛൻ വരുമ്പോൾ എനിക്ക് ഏതാണ്ട് ഏഴു വയസ്സാണ്. അവിടെ എന്നെ ഒരു പ്രാഥമിക വിദ്യാലയത്തിലാണ് ചേർത്തത്. ആ കാലവും എന്നെ പഠിപ്പിച്ച അധ്യാപകരുടെ പേരും മററു വിവരങ്ങളും എല്ലാം എനിക്ക് നന്നായി ഓർമ്മയുണ്ട്. പോർബന്തറിൽ ആയാലും ഇവിടെ ആയാലും എന്റെ പഠിത്തത്തെക്കുറിച്ച് പ്രത്യേകിച്ച് ഒന്നും സൂചിപ്പിക്കാനില്ല. ഞാൻ കേവലം ഒരു സാധാരണ വിദ്യാർത്ഥി ആയിരുന്നു. ഈ സ്ക്കൂളിൽനിന്നും നഗര പ്രാന്തത്തിലുള്ള സ്ക്കൂളിലേക്കും തുടർന്നു ഹൈസ്ക്കൂളിലേക്കും എത്തിയപ്പോൾ എനിക്കു പന്ത്രണ്ടു വയസ്സായി. ഈ ചെറിയ കാലയളവിൽ എന്റെ അധ്യാപകരോടോ സഹപാഠികളോടോ എപ്പോഴെങ്കിലും ഒരു കള്ളം പറഞ്ഞതായി എനിക്ക് ഓർമ്മയില്ല. പൊതുവെ നാണംകുണുങ്ങിയായ ഞാൻ മററുള്ളവരുമായി കൂട്ടുകൂടിയിരുന്നില്ല. പുസ്തകങ്ങളും പാഠഭാഗങ്ങളുമായിരുന്നു എന്റെ കൂട്ടുകാർ. കൃത്യസമയത്ത് സ്ക്കൂളിൽ എത്തുകയും സ്ക്കൂൾ വിട്ട ഉടൻ വീട്ടിലേക്ക് ഓടി എത്തുകയുമാണ് എന്റെ പതിവുരീതി. ആരോടും സംസാരിക്കാൻ ഇടവരരുതെന്നു കരുതി, വാസ്തവത്തിൽ സ്ക്കൂളിൽ നിന്നുള്ള തിരിച്ചു വരവ് ഓട്ടം തന്നെയായിരുന്നു. ആരെങ്കിലും കളിയാക്കുമോ എന്നതായിരുന്നു എന്റെ ഭയം.

 (Contd.)

ഹൈസ്ക്കൂളിൽവെച്ച് ആദ്യത്തെ കൊല്ലം പരീക്ഷക്കിടയിൽ ഉണ്ടായ ഒരു സംഭവം പ്രാധാന്യത്തോടെ രേഖപ്പെടുത്തേണ്ടതാണ്. നിരീക്ഷണത്തിനായി വിദ്യാഭ്യാസ നിരീക്ഷകനായ (Educational Inspector) മിസ്റ്റർ ഗിൽസ് സ്ക്കൂളിൽ എത്തിയിരുന്നു. കേട്ടെഴുത്തിനായി (Spelling exercise) അദ്ദേഹം അഞ്ചു പദങ്ങൾ ഞങ്ങൾക്കു തന്നു. അതിൽ ഒന്ന് 'Kettle' എന്ന പദമായിരുന്നു. ഞാൻ അത് തെററിയാണ് എഴുതിയത്. അധ്യാപകൻ തന്റെ ഷൂസിന്റെ അഗ്രംകൊണ്ട് തെററുതിരുത്താൻ എന്നെ പ്രേരിപ്പിച്ചു. പക്ഷേ, ഞാൻ തിരുത്തിയില്ല. എന്റെ അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ സ്ലേററ് നോക്കി തിരുത്തി എഴുതാൻ പ്രേരിപ്പിച്ചത് എന്തിനാണെന്ന് എനിക്കു മനസ്സിലായില്ല. കാരണം കോപ്പി അടിക്കുന്നത് തടയാനാണ് അധ്യാപകൻ അവിടെ നില്ക്കുന്നത്, എന്നാണ് ഞാൻ കരുതിയത്. ഇതിന്റെ ഫലമോ, ഞാനൊഴിച്ച് എല്ലാ ആൺകുട്ടികളും എഴുതിയ വാക്കുകൾ മുഴുവൻ ശരിയാണെന്നു കണ്ടെത്തി. ഞാൻ മാത്രം വിഢ്ഢിയായി. എന്റെ വിഢ്ഢിത്തം ബോധ്യപ്പെടുത്താൻ അധ്യാപകൻ വീണ്ടും ശ്രമിച്ചു. എങ്കിലും ഫലം കണ്ടില്ല. കോപ്പി അടിക്കാനുള്ള വിദ്യ എനിക്ക് ഒരിക്കലും വശമായില്ല.

പക്ഷേ, അധ്യാപകനോടുള്ള ആദരവിന് ഈ സംഭവം ഒട്ടും കുറവു വരുത്തിയില്ല. പൊതുവേ ഞാൻ മററുള്ളവരുടെ കുററങ്ങൾ ശ്രദ്ധിക്കാറില്ല. ഈ അധ്യാപകന്റെ മററു വൈകല്യങ്ങളെക്കുറിച്ച് പിന്നീട് മനസ്സിലായെങ്കിലും



(Contd.)

അദ്ദേഹത്തോടുള്ള ബഹുമാനം പഴയതുപോലെ തുടർന്നു. കാരണം മുതിർന്നവരുടെ പ്രവൃത്തികളെ വിമർശിക്കാനല്ല, അവരുടെ ആജ്ഞകൾ അനുസരിക്കാനാണ് ഞാൻ ശീലിച്ചിരുന്നത്.

ആ കാലത്തുണ്ടായ മററു രണ്ടു സംഭവങ്ങൾ എന്റെ സ്മരണയിൽ ഇപ്പോഴും തങ്ങിനില്ക്കുന്നു. സ്ക്കൂളിലേക്കുള്ള പുസ്തകങ്ങളല്ലാതെ മററു പുസ്തകങ്ങൾ വായിക്കുന്നതിന് പ്രായേണ എനിക്കു താല്പര്യമുണ്ടായിരുന്നില്ല. അധ്യാപകന്റെ ശിക്ഷ വാങ്ങാനോ അധ്യാപകനെ കബളിപ്പിക്കാനോ കഴിയില്ലെന്നതിനാൽ സ്ക്കൂളിലേക്കുള്ള പാഠങ്ങൾ കൃത്യമായി പഠിച്ചു തീർക്കും. മനസ്സിൽ ഒട്ടും താല്പര്യമില്ലാതെ വെറുതേ പഠിക്കുകയായിരുന്നു. പാഠങ്ങൾ പോലും പഠിക്കാൻ താല്പര്യമില്ലാത്തപ്പോൾ അധികവായനയുടെ പ്രശ്നമേ ഉണ്ടായിരുന്നില്ല. പക്ഷേ, അച്ഛൻ വാങ്ങിയ ഒരു പുസ്തകം എങ്ങനെയോ എന്റെ കണ്ണിൽപെട്ടു. 'ശ്രവണപിതൃഭക്തിനാടകം' (ശ്രവണന് മാതാപിതാക്കളോടുള്ള ഭക്തിയെക്കുറിച്ചുള്ള നാടകം) ആയിരുന്നു അത്. അതീവ ശ്രദ്ധയോടെ ഞാൻ അത് വായിച്ചു. ആയിടെ ഞങ്ങളുടെ പ്രദേശത്ത് നാടോടികളുടെ ഒരു സംഘം വന്നു ചേർന്നു. അവർ പ്രദർശിപ്പിച്ച അനേകം ചിത്രങ്ങളിൽ ഒന്ന്, അന്ധരായ മാതാപിതാക്കളെ ചുമലിലെ തൂക്കിലിരുത്തി തീർത്ഥയാത്ര ചെയ്യുന്ന ശ്രവണന്റേതായിരുന്നു. ആ പുസ്തകവും ചിത്രവും എന്റെ മനസ്സിൽ മായാതെ പതിഞ്ഞു: 'അനുകരിക്കാൻ ഇതാ ഒരു മാതൃക', ഞാൻ സ്വയം



(Contd.)

പറഞ്ഞു. ശ്രവണന്റെ മരണത്തിൽ ദുഃഖിതരായ മാതാപിതാക്കളുടെ ദീനരോദനം ഇന്നും എന്റെ സ്മരണയിൽ സജീവമായി ഉണ്ട്. ആർദ്രമായ ആ വിലാപധ്വനി എന്നെ ആഴത്തിൽ സ്പർശിച്ചു. അച്ഛൻ എനിക്കുവേണ്ടി വാങ്ങിയ സംഗീതോപകരണത്തിൽ ഞാൻ അത് ആലപിച്ചു.

4. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക : 20

Tulasidas's imagery covers a vast range. No poet of medieval period — not even his great contemporary Surdas — can vie with Tulasidas in respect of the infinite variety of imagery employed by him. He has collected his images from peasant life, court life, priestly environments, rural and civic life, philosophical treatises, literary classics, mythological works and folk literature. His poetry is a vast gallery of all kinds of images ranging from exquisite miniature paintings to large frescoes. Normally he likes simple and integrated images, but is quite capable of creating complex imagery as well. What he seems to abhor is a truncated image of which we can hardly search out a single example. His whole poetic creation is an endless endeavour to give a concrete tangible form to the abstract — to impart physical charms and mental qualities of human personality to an absolute concept. Actually the very conception of Personified Godhood is a grand exercise in image-making. In this context, what is of special relevance to the modern reader in Tulasidas's art is his

 (Contd.)

unconventional approach to literary-cultural tradition and religion. A number of poets in other Indian languages have also produced great literature in this regard, but Tulasi appears to have surpassed them all.

5. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക : 20

വിശ്വത്തിന്റെ സൃഷ്ടി, വികാസം, സംരക്ഷണം എന്നിവ പ്രകൃതിയെ ആശ്രയിച്ചാണെന്നത് സർവ്വ വിദിതമാണ്. പ്രകൃതിയുടെ നിർമ്മാണത്തിലും പാലനത്തിലും വൃക്ഷങ്ങൾ, വനങ്ങൾ, വള്ളിപ്പടർപ്പുകൾ, കുററിക്കാടുകൾ എന്നിവക്ക് അത്യധികം പ്രാധാന്യമുണ്ട്. മനുഷ്യന്റെ നിലനില്പുതന്നെ യഥാർത്ഥത്തിൽ വൃക്ഷങ്ങളെയും കാടുകളെയും ആശ്രയിച്ചാണ്. വൃക്ഷങ്ങളാണ് മണ്ണിന്റെ മുഖ്യസംരക്ഷകർ. അവ കൊടുങ്കാററിന്റെ തീവ്രതയെ അതിജീവിച്ചുകൊണ്ട് മണ്ണൊലിപ്പിനെ തടയുന്നു. മലയിടിച്ചിലിൽ നിന്നും രക്ഷ നൽകി പർവ്വതങ്ങളെ ഉറപ്പിച്ചു നിർത്താനും വൃക്ഷങ്ങൾക്കേ കഴിയൂ. കാടുകൾ പക്ഷികൾക്കും മൃഗങ്ങൾക്കും അഭയസ്ഥാനമാണ്. അവ കാരണമാണ് പരിസ്ഥിതി സംരക്ഷിക്കപ്പെടുന്നത്. മഴയ്ക്കും കാടുകൾ കാരണമായിത്തീരുന്നു. മരങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ സമൃദ്ധിയായി മഴ ലഭിക്കുന്നു. എന്നാൽ മരുഭൂമിയാകട്ടെ മഴ കിട്ടാതെ വലയുന്നു. ധാന്യങ്ങൾ വിളയുന്നതിനും മഴ ആവശ്യമാണ്. അന്നധാന്യങ്ങളാണ് മനുഷ്യന് ജീവിതം നൽകുന്നത്. വൃക്ഷങ്ങളുടെ ഇലകളും പുല്ലും തിന്നാണ്



(Contd.)

മൃഗങ്ങളും ജീവിക്കുന്നത്. നമുക്ക് വീടു പണിയുന്നതിനും ഇന്ധനാവശ്യത്തിനുമുള്ള തടി ലഭിക്കുന്നത് മരങ്ങളിൽ നിന്നാണ്. തീവണ്ടി, കപ്പൽ, വിമാനം മുതലായവയുടെ നിർമ്മാണത്തിനും മരം ആവശ്യമാണ്. പലതരത്തിലുള്ള മരുന്നുകൾ, പശകൾ, കടലാസ്, തീപ്പെട്ടി, എണ്ണകൾ, നാനാ പ്രകാരത്തിലുള്ള രുചികരവും പോഷകഗുണ സമൃദ്ധവുമായ ഫലമൂലാദികൾ എന്നിവയുടെ അക്ഷയ സ്രോതസ്സാണ് വൃക്ഷങ്ങൾ. വൃക്ഷങ്ങളുടെ ശീതളച്ഛായ കൊടുംചൂടിൽ നിന്നു നമുക്ക് ആശ്വാസം പകരുന്നു. അവയിലെ പുഷ്പങ്ങളുടെ സുഗന്ധം നമ്മുടെ മനസ്സിൽ ഉന്മേഷം നിറക്കുന്നു.

6. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക : 20

(a) തെററുണ്ടെങ്കിൽ തിരുത്തുക :

(i) നിച്ഛയം

(ii) പ്രാഗത്ഭ്യം

(iii) വാസ്ഥവം

(iv) ഗരുഢൻ

(v) ബുബുക്ഷ

(vi) ആവൃത്തിച്ചു

(vii) കേമത്വം



(Contd.)

(viii) ദിത്വസന്ധി

(ix) സത്യസന്ധനായ തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്നു മാർത്താണ്ഡവർമ്മ എന്നാണ് ജനങ്ങളുടെ വിശ്വാസം.

(x) പൊലീസ് അക്രമം നടക്കുന്ന സമയത്ത് സ്ഥലത്തെത്തുകയും ജനങ്ങളെ ശാന്തരാക്കുകയും ചെയ്തു.

(b) ആശയം വ്യക്തമാക്കി വാക്യത്തിൽ പ്രയോഗിക്കുക : 10

(i) തിരശ്ശീല വീണു

(ii) കൃത്യാന്തര ബാഹുല്യം

(iii) തേജോവധം ചെയ്യുക

(iv) നഖശിഖാന്തം എതിർത്തു

(v) ബാലികേറാമല

(c) പത്തു വാക്യത്തിൽ കവിയാതെ ആശയം വിശദമാക്കുക : 10

നമുക്കു നാമേ പണിവതു നാകം
നരകവു മതുപോലെ.



(Contd.)

Sr. No. [ ] **F–DTN–L–SAD–K**

अपना अनुक्रमांक इन पत्रकों पर न लिखें

DO NOT WRITE YOUR ROLL NO. ON THESE SHEETS

# MALAYALAM
# (Compulsory)

सार लेखन के लिए विशेष पत्रक

**SPECIAL SHEETS FOR PRECIS**

इस पत्रक के दोनों ओर लिखिए। प्रत्येक खण्ड में एक शब्द और प्रत्येक पंक्ति में पांच शब्द लिखिए। अपने उद्धरण में सामान्य रूप से विराम आदि चिन्ह लगाइए और यदि आवश्यक हो तो प्रत्येक पैराग्राफ के अन्त में एक पंक्ति खाली छोड़ते हुए इसे पैराग्राफों में विभक्त कीजिए। यदि चाहें तो उत्तर-पुस्तिका के साधारण कागज पर पहले एक कच्चा प्रारूप तैयार कर सकते हैं। अपनी उत्तर-पुस्तिका दे देने से पहले कच्चे कार्य को आर-पार पंक्ति डालकर काट दिया जाना चाहिए। आप सारपत्रक को अपनी उत्तर-पुस्तिका के अन्दर सुरक्षित रूप से बांध दीजिए।

**Use both sides of this sheet. Write one word in each division and five words in each line. Punctuate your passage in the usual way and divide it into paragraphs, if necessary, leaving a line blank at the end of each paragraph. You may make a rough copy first, if you so wish, on ordinary paper in the answer-book. The rough work should be scored through before you hand over your answer-book. You should fasten the precis sheet securely inside your answer-book.**

| शीर्षक Title | | | | | इस हाशिए में न लिखें Do not write on this margin |
|---|---|---|---|---|---|
| | | | | | |

[कृ.पृ.उ./P.T.O.]

| | | | | | |
|---|---|---|---|---|---|
| | | | | | 70 |
| | | | | | 80 |
| | | | | | 90 |
| | | | | | 100 |
| | | | | | 110 |
| | | | | | 120 |
| | | | | | 130 |
| | | | | | 140 |
| | | | | | 150 |
| | | | | | 160 |
| | | | | | 170 |
| | | | | | 180 |

| | | | | | |
|---|---|---|---|---|---|
| | | | | | 190 |
| | | | | | 200 |
| | | | | | 210 |
| | | | | | 220 |
| | | | | | 230 |
| | | | | | 240 |
| | | | | | 250 |
| | | | | | 260 |
| | | | | | 270 |
| | | | | | 280 |
| | | | | | 290 |
| | | | | | 300 |